**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 961** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിൽ വന്യമൃഗ ആക്രമണത്തിൽ മരണമടഞ്ഞവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2016-നുശേഷം നാളിതുവരെ ഇരിക്കൂർ മണ്ഡലത്തിൽ വന്യമൃഗ ആക്രമണത്തിൽ മരണമടഞ്ഞവരുടെ എണ്ണവും അവരുടെ പേരുവിവരങ്ങളും വിശദമാക്കുമോ; | (എ) | 2016-നു ശേഷം നാളിതുവരെ ഇരിക്കൂർ മണ്ഡലത്തിൽ വന്യമൃഗ ആക്രമണത്തിൽ നാല് പേർ മരണപ്പെട്ടിട്ടുണ്ട്. ആയവരുടെ പേരുവിവരങ്ങൾ താഴെ പറയും പ്രകാരമാണ്.<br>1. യശോദ, കരുവാരത്ത് വീട്, നെടിയേങ്ങ<br>2. നാരായണൻ കല്ല, കല്ല വീട്, നടുവിൽ<br>3. ജോസ് അത്രാശ്ശേരി, അത്രാശ്ശേരി വീട്, ഉളിക്കൽ<br>4. കെ.കെ.ജമീല, ബൈത്തുൽ ഇസ്സ, ചുളിയാട്, മലപ്പട്ടം |
| (ബി) | ഇത്തരത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കെ.കെ.ജമീല (ബൈത്തുൽ ഇസ്സ, ചുളിയാട്, മലപ്പട്ടം) എന്ന മരണമടഞ്ഞയാളുടെ ആശ്രിതർക്ക് 2 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്. ജോസ് അത്രാശ്ശേരി, അത്രാശ്ശേരി വീട്, ഉളിക്കൽ എന്ന മരണമടഞ്ഞയാളുടെ അശ്രിതർക്ക് അദ്യഗഡുവായി 5 ലക്ഷം രൂപ അടിയന്തര ധനസഹായമായി അനുവദിച്ചിരുന്നു. ബാക്കി തുകയായ 5 ലക്ഷം രൂപ അനുവദിക്കുന്നതിന് അപേക്ഷയൊന്നും ഇ-ഡിസ്ട്രിക്ട് മുഖേന ലഭ്യമായിട്ടില്ല. |
| (സി) | 2016-നുശേഷം ഇത്തരത്തിൽ വിതരണം ചെയ്ത ആകെ നഷ്ടപരിഹാരത്തുക എത്രയാണെന്ന് വിശദമാക്കുമോ? | (സി) | 2016 നു ശേഷം ഇത്തരത്തിൽ 9 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ